## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 548 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയ സെസ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനം നേരിടുന്ന പ്രളയ നഷ്ടം നികത്തുവാൻ സെസ്സ് പിരിക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര ശതമാനം സെസ്സ് പിരിക്കുവാനാണ് ജി.എസ്.ടി. കൗൺസിലിന്റെ അനുമതി തേടിയതെന്നും എത്ര ശതമാനം പിരിക്കുവാൻ അനുമതി ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | 10% സെസ്സ് പിരിക്കുവാനാണ് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചത്. സംസ്ഥാനത്തിനുള്ളിലെ എല്ലാ അന്തിമ വിതരണത്തിലും ആകെ മൂല്യത്തിന്റെ 1% ത്തിൽ കവിയാത്ത നിരക്കിൽ സെസ്സ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതിലൂടെ എത്ര കോടി രൂപ അധികമായി സമാഹരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | 2019 ലെ കേരള സംസ്ഥാന ബഡ്ജറ്റിലെ 256-ാം ഖണ്ഡിക പ്രകാരം ഇതിലൂടെ പ്രതിവർഷം 600 കോടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സെസ്സ് സംബന്ധിച്ച തീരുമാനം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 2019 ലെ കേരള ധനകാര്യ ബില്ലിലെ സെസ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നിലവിൽ വരുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു. അതിൻ പ്രകാരം 2019 ജൂൺ 1 മുതൽ സെസ്സ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ